# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/205/2016 പത്രക്കുറിപ്പ് 2016 സെപ്തംബർ 26

## എം.ജി യു.ജി പ്രവേശനം 30 വരെ നീട്ടി: അന്തിമ അലോട്ട്മെന്റിന് 28 വരെ ഓപ്ഷൻ രജിസ്റ്റർ ചെയ്യാം

മഹാത്മാ ഗാന്ധി സർവ്വകലാശാലയുടെ ഡിഗ്രി പ്രവേശനം ഈ മാസം 30 വരെ ദീർഘിപ്പിച്ചു. ഏകജാലകം വഴിയുള്ള മൂന്നാം ഫൈനൽ അലോട്ട്മെന്റിന് 28 വരെ ഓപ്ഷൻ രജിസ്റ്റർ ചെയ്യാം. നിലവിൽ അപേക്ഷ സമർപ്പിക്കാത്തവർക്കും മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ചവർ ഉൾപ്പെടെ എല്ലാ വിഭാഗം അപേക്ഷകർക്കും പങ്കെടുക്കാം. അപേക്ഷകൻ ഓൺലൈൻ അപേക്ഷയിൽ വരുത്തിയ തെറ്റ് മൂലം അലോട്ട്മെന്റിന് പരിഗണിക്കപെടാത്തവർക്കും അലോട്ട്മെന്റിലൂടെ ലഭിച്ച പ്രവേശനം റദ്ദാക്കിയവർക്കും പ്രത്യേകമായി ഫീസ് ഒടുക്കാതെ തന്നെ തന്റെ നിലവിലുള്ള ആപ്ലിക്കേഷൻ നമ്പരും പാസ് വേഡും ഉപയോഗിച്ച് www.cap.mgu.ac.in എന്ന വെബ് സൈറ്റിൽ അക്കൗണ്ട് ക്രിയേഷൻ എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പുതിയ ആപ്ലിക്കേഷൻ നമ്പരും പഴയ പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഇന്നുമുതൽ 28ന് വൈകുന്നേരം 5 മണി വരെ പുതുതായി ഓപ്ഷൻ നൽകാം. മൂന്നാം ഫൈനൽ അലോട്ട്മെന്റിൽ പങ്കെടുക്കുന്നവർ പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. പുതിയ ആപ്ലിക്കേഷൻ നമ്പർ പിന്നീടുള്ള ഓൺലൈൻ ആവശ്യങ്ങൾക്കായി സൂക്ഷിക്കണം. ലോഗിൻ ചെയ്ത ശേഷം അപേക്ഷകന് നേരത്തെ നൽകിയ അപേക്ഷയിൽ ഉണ്ടായിട്ടുള്ള തെറ്റുകൾ തിരുത്താവുന്നതും പുതുതായി ഓപ്ഷൻ നൽകാവുന്നതുമാണ്. ഓപ്ഷനുകൾ നൽകിയ ശേഷം അപേക്ഷ സേവ് ചെയ്ത് ഓൺലൈനായി സമർപ്പിക്കുക. അപേക്ഷയുടെയോ ഓപ്ഷനുകളുടെയോ പ്രിന്റ് ഔട്ട് സർവ്വകലാശാലയിൽ സമർപ്പിക്കേണ്ടതില്ല. വിവിധ കോളജുകളിലെ ഒഴിവുള്ള പ്രോഗ്രാമുകളുടെ വിശദ വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്. മൂന്നാം ഫൈനൽ അലോട്ട്മെന്റ് ലിസ്റ്റ് സെപ്തംബർ 29ന് പ്രസിദ്ധീകരിക്കും. അലോട്ട്മെന്റ് ലഭിക്കുന്നവർ സെപ്തംബർ 30ന് മുൻപായി ബന്ധപ്പെട്ട കോളജുകളിൽ പ്രവേശനം നേടണം. സെപ്തംബർ 30ന് പ്രവേശന നടപടികൾ പൂർത്തീകരിക്കും. കേരള സർക്കാരിന്റെയും കേരള ഹൈക്കോടതിയുടെയും നിർദ്ദേശങ്ങളനുസരിച്ച് ഇത്തവണ മുതൽ കോളജുകളിൽ സ്പോട് അലോട്ട്മെന്റ് അനുവദിക്കുന്നതല്ല. ആയതിനാൽ യു.ജി പ്രോഗ്രാമുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഫൈനൽ അലോട്ട്മെന്റിലൂടെ ഓപ്ഷനുകൾ നൽകണം. മാനേജ്മെന്റ്/കമ്യൂണിറ്റി ക്വാട്ടാകളിലെ പ്രവേശന നടപടിക്രമങ്ങളും സെപ്തംബർ 30നകം പൂർത്തീകരിക്കണം.

## പരീക്ഷാ തീയതി

ഒന്ന് മുതൽ നാല് വരെ വർഷത്തെ ബി.പി.റ്റി (പഴയ സ്കീം – 2008ന് മുൻപുള്ള അഡ്മിഷൻ) അവസാന മേഴ്സി ചാൻസ് പരീക്ഷകൾ ഒക്ടോബർ 26ന് ആരംഭിക്കും.

മൂന്നാം സെമസ്റ്റർ എം.ടെക് (എല്ലാ ബ്രാഞ്ചുകളും – 2013 ആന്റ് 2014 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഒക്ടോബർ 14ന് ആരംഭിക്കും.

## നാലാം വർഷ ബി.എസ്.സി നഴ്സിങ് പരീക്ഷാ കേന്ദ്രം

നാലാം വർഷ ബി.എസ്.സി നഴ്സിങ് (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ സെപ്തംബർ 28ന് ആരംഭിക്കും. കോതമംഗലം മാർ ബസേലിയോസ് കോളജ് ഓഫ് നഴ്സിങ്, കടവന്ത്ര ഇന്ദിരാ ഗാന്ധി കോളജ് ഓഫ് നഴ്സിങ്, എറണാകുളം ലിസി കോളജ് ഓഫ് നഴ്സിങ്, നെടുങ്കണ്ടം എസ്.എം.ഇ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിങ് എജ്യൂക്കേഷൻ എന്നിവിടങ്ങൾ പരീക്ഷയ്ക്കായി തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ ഗാന്ധിനഗർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിങ് എജ്യൂക്കേഷനിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷ എഴുതണം.

പരുമല സെന്റ് ഗ്രിഗോറിയോസ് കോളജ് ഓഫ് നഴ്സിങ്, തിരുവല്ല റ്റി.എം.എം കോളജ് ഓഫ് നഴ്സിങ് എന്നീ കേന്ദ്രങ്ങൾ പരീക്ഷയ്ക്കായി തെരഞ്ഞെടുത്തവർ പത്തനംതിട്ട ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിങ് എജ്യൂക്കേഷനിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി അവിടെ തന്നെ പരീക്ഷ എഴുതണം.

## എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി: സീറ്റൊഴിവ്

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ നടത്തുന്ന എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി ത്രിവൽസര കോഴ്സിന് ഏതാനും സീറ്റ് ഒഴിവുണ്ട്. ബയോകെമിസ്ട്രി/കെമിസ്ട്രി മെയിനോ സബ്സിഡിയറിയോ ആയുള്ള ഏതെങ്കിലും ലൈഫ് സയൻസ്/ഹെൽത്ത് സയൻസ്/ബയോളജിക്കൽ സയൻസ് ശാഖകളിലുള്ള 50 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. ഫോൺ 0481-6061012, 6061014.

## ബി.എസ്.സി കംപ്യൂട്ടർ സയൻസ്, സൈബർ ഫോറൻസിക്: സീറ്റൊഴിവ്

സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസിന്റെ കോട്ടയം, ഇടപ്പള്ളി, പത്തനംതിട്ട സെന്ററുകളിൽ ബി.എസ്.സി കംപ്യൂട്ടർ സയൻസ്, സൈബർ ഫോറൻസിക് കോഴ്സുകൾക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ www.cap.mgu.ac.in എന്ന വെബ് സൈറ്റിൽ സെപ്തംബർ 27, 28 തീയതികളിൽ രജിസ്റ്റർ ചെയ്യണം. ഫോൺ 0481-2392928, 2391000.

## ബി.എൽ.ഐ.എസ്.സി സ്പോട് അഡ്മിഷൻ

എം.ജി സർവ്വകലാശാല ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് ഡിപ്പാർട്ടമെന്റിൽ 2016-17 വർഷത്തെ ബി.എൽ.ഐ.എസ്.സി കോഴ്സിലേക്കുള്ള ഏതാനും സീറ്റുകളുടെ ഒഴിവിലേക്ക് സെപ്തംബർ 30ന് സ്പോട് അഡ്മിഷൻ നടത്തും. താൽപര്യമുള്ളവർ അന്നേ ദിവസം രാവിലെ 10 മണിക്ക് കാമ്പസിലുള്ള ഡിപ്പാർട്ട്മെന്റിൽ ഒറിജിനൽ സർട്ടിഫിക്കറ്റുകളും ഫീസുമായി നേരിട്ട് ഹാജരാകണം. 45 ശതമാനം മാർക്കിൽ കുറയാതെയുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. ഫോൺ 0481-2732948, 9747581437.

## എൻ.ഗോവിന്ദമേനോൻ അവാർഡ് സമ്മാനിച്ചു

മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ ത്രിവൽസര എൽ.എൽ.ബി പരീക്ഷയിൽ ഒന്നാം റാങ്ക് നേടുന്നവർക്കുള്ള 2011, 2012 വർഷങ്ങളിലെ എൻ.ഗോവിന്ദമേനോൻ അവാർഡ് നൂറിയ ഒ. എ, ലിസാ മെഗാൻ സിറിയക് എന്നിവർക്ക് സമ്മാനിച്ചു. വൈസ് ചാൻസലറുടെ ചേംബറിൽ നടന്ന ചടങ്ങിൽ ഡോ. ബാബു സെബാസ്റ്റ്യൻ അവാർഡ് വിതരണം ചെയ്തു. പ്രൊ വൈസ് ചാൻസലർ ഡോ. ഷീന ഷുക്കൂർ, രജിസ്ട്രാർ എം.ആർ. ഉണ്ണി, എറണാകുളം ലോ കോളജ് പ്രിൻസിപ്പാൾ ഡോ. ബിജുകുമാർ.ആർ എന്നിവർ പങ്കെടുത്തു.

## സ്പെഷ്യൽ വിജിലൻസ് സ്ക്വാഡ് മീറ്റിംഗ് ഇന്ന്

യൂണിവേഴ്സിറ്റി പരീക്ഷകളിൽ ക്രമക്കേടുകൾ തടയുന്നതിനായി പുനഃസംഘടിപ്പിച്ച സ്പെഷ്യൽ വിജിലൻസ് സ്ക്വാഡിലെ കൺവീനർമാരുടെയും മെമ്പർമാരുടെയും യോഗം ഇന്ന് (സെപ്തംബർ 27) രാവിലെ 11 മണിക്ക് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തും. കൺവീനർമാരും അംഗങ്ങളും പാസ് പോർട് സൈസ് ഫോട്ടോയുമായി മീറ്റിംഗിൽ പങ്കെടുക്കണം.

## സെക്യൂരിറ്റി നിയമനം: അഭിമുഖം

എം.ജി സർവ്വകലാശാലയുടെ കീഴിലുള്ള പുതുപ്പള്ളി സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ പ്രാദേശിക കേന്ദ്രത്തിലേക്ക് ദിവസ വേതന അടിസ്ഥാനത്തിൽ സെക്യൂരിറ്റി ഗാർഡ് തസ്തികയിൽ നിയമനത്തിന് ഒക്ടോബർ 5ന് വാക്ക് ഇൻ ഇന്റർവ്യൂ നടത്തും. ജില്ലാ സൈനിക ക്ഷേമ ബോർഡിൽ രജിസ്റ്റർചെയ്തിട്ടുള്ളതും 2016 ജനുവരി 1ന് 54 വയസ് തികഞ്ഞിട്ടില്ലാത്തതുമായ വിമുക്തഭടന്മാർക്ക് പങ്കെടുക്കാം. അന്നേദിവസം രാവിലെ 10.30ന് റീജിയണൽ ഡയറക്ടുടെ ഓഫീസിൽ വയസ്, ജാതി, യോഗ്യത എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളുമായി ഹാജരാകണം. ഫോൺ 0481-2353152, 2353126.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)